**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 611** **28-01-2026 - ൽ മറുപടിയ്ക്ക്**

**കിനാലൂർ വ്യവസായ പാർക്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കിനാലൂരിൽ വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് സർക്കാർ ചെലവഴിച്ച തുക എത്രയാണെന്നും, ആകെ എത്ര വ്യവസായ സംരംഭങ്ങളാണ് കിനാലൂരിൽ നിലവിലുള്ളതെന്നും, ഈ സംരംഭങ്ങളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ; | (എ) | കിനാലൂരിൽ വ്യവസായ വളർച്ചാ കേന്ദ്രം നിർമ്മിക്കുന്നതിനായി 67.19 കോടി രൂപ സർക്കാർ ചെലവഴിച്ചിട്ടുണ്ട്. നിലവിൽ 89 വ്യവസായ സംരംഭങ്ങളാണ് കിനാലൂരിൽ ഉള്ളത്. ഈ വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചതോടെ ഏകദേശം 2,400 ഓളം നേരിട്ടുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുകയും, നിർമ്മാണഘട്ടത്തിൽ വൻതോതിൽ തൊഴിലവസരങ്ങൾ ലഭിക്കുകയും ചെയ്തു. പ്രവർത്തനഘട്ടത്തിൽ, ഈ യൂണിറ്റുകളിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിൽപ്പനയിലൂടെ സർക്കാരിന് തുടർച്ചയായി ജി.എസ്.ടി വരുമാനവും ലഭിക്കുന്നു. കൂടാതെ, നിരവധി പരോക്ഷ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ വ്യവസായങ്ങൾ ഏതൊക്കെയാണെന്നും, ഇവ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പുനരുജ്ജീവന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (ബി) | സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളൊന്നും നിലവിൽ പൂട്ടിക്കിടക്കുന്നില്ല. |
| (സി) | കോഴിക്കോട് കോമൺ വെൽത്ത് ഫാക്ടറിയുടെ സ്ഥലം ഏറ്റെടുക്കുന്ന കാര്യം ആലോചനയിലുണ്ടോയെന്നും, എങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്നും വിശദമാക്കുമോ; | (സി) | കോഴിക്കോട് ജില്ലയിൽ മാനാഞ്ചിറയിലെ കോമൺ വെൽത്ത് ട്രസ്റ്റ് (India) ലിമിറ്റഡ് എന്ന സ്ഥാപനം 2009 മുതൽ അടഞ്ഞുകിടക്കുകയാണ്. കേരള നിയമ നിർമ്മാണ സഭ (Kerala State Legislature), കോമൺ വെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (ഏറ്റെടുക്കലും, ചുമതല കൈമാറ്റവും) (Acquisition and transfer of undertaking), ആക്ട് 2012, 2018 -ലെ 1 -ാമത്തെ ആക്ട്) (Act 1 of 2018) എന്ന പേരിൽ ഒരു നിയമം പാസ്സാക്കുകയും, 2018 ഫെബ്രുവരി 1-ാംതീയതി ബഹുമാനപ്പെട്ട ഇന്ത്യൻ രാഷ്ട്രപതി ഈ ആക്ട് അംഗീകരിക്കുകയുമുണ്ടായി. ഈ നിയമം, 2018 ഫെബ്രുവരി 19-ാം തീയതിയിലെ കേരള ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയുമുണ്ടായി. |

| | | | |
|---|---|---|---|
| | | | കോമൺ വെൽത്ത് ട്രസ്റ്റ് ഇന്ത്യ ലിമിറ്റഡിന്റെ കീഴിലുള്ള കോംട്രസ്റ്റ് (COMTRUST) ഹാൻഡ്‌ലൂം വീവിങ്ങ് ഫാക്ടറിയെ പുനസംഘടിപ്പിക്കുന്നതിനും, പുനരധിവാസ പ്രവർത്തനങ്ങൾക്കും വേണ്ടിയും ഈ സ്ഥാപനത്തെ ഒരു വ്യവസായ മ്യൂസിയവും, ഉത്പാദന കേന്ദ്രവുമാക്കി, കേരള സംസ്ഥാന വികസന കോർപ്പറേഷന്റെ (കെ.എസ്.ഐ.ഡി.സി.) കീഴിൽ നിർത്തുന്നതിനും വേണ്ടിയുള്ളതായിരുന്നു ഈ നിയമം.<br><br>കോമൺവെൽത്ത് ട്രസ്റ്റ് ആക്ട് പ്രാബല്യത്തിൽ വരുന്നതിനെതിരെ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരിയ്ക്കുന്ന മൂന്നു റിട്ട് ഹർജികളിന്മേൽ ഹൈക്കോടതിയുടെ ഇടക്കാല സ്റ്റേ ഉത്തരവ് നിലനിൽക്കുന്നതിനാൽ, പ്രസ്തുത ആക്ടുമായി ബന്ധപ്പെട്ട തുടർനടപടികൾ കൈക്കൊള്ളുവാൻ സാധിച്ചിട്ടില്ല. |
| (ഡി) | കോമൺ വെൽത്ത് ഫാക്ടറിക്കെട്ടിടത്തിലെ വിലപിടിപ്പുള്ള മെഷീനുകളും മരഉരുപ്പടികളും മറ്റ് സാധനങ്ങളും മഴയും വെയിലും കൊണ്ട് നശിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവ പൈതൃക സംരക്ഷിത സ്മാരക പട്ടികയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ ? | (ഡി) | മേൽ (സി) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ